# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/12315/2018

തൊഴിൽ ഭവൻ, തിരുവനന്തപുരം
തീയതി: 04/05/2018

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2018- രണ്ടാം സെമസ്റ്റർ (റഗുലർ) പരീക്ഷകളിൽ പങ്കെടുക്കുന്നതിന് എം.ഐ.എസ്. പോർട്ടൽ മുഖേന ആഗസ്റ്റ് 2017 ലെ അഡ്മിഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ ട്രെയിനികളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. കളിൽ എൻ.സി.വി.റ്റി. അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ ആഗസ്റ്റ് 2016 ൽ അഡ്മിഷൻ നേടിയതും അഡ്മിഷൻ നേടിയ വിവരം എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തിയതുമായ ട്രെയിനികളിൽ നിന്ന് 2018 ജൂലൈ മാസത്തിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

"0230-ലേബർ ആൻറ് എംപ്ലോയ്മെൻറ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 105/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ, അപേക്ഷകളുടെ രണ്ട് പകർപ്പുകൾ, എസ്.എസ്.എൽ.സി. യുടെ പകർപ്പ് ജനുവരി 2018 ൽ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത ഹാൾടിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം **19-05-2018** ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.റ്റി. നടത്തിവരുന്നത്. ടി ഒ.എം.ആർ. ഷീറ്റുകൾ പ്രിൻറ് ചെയ്ത് പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും ടി ഒ.എം.ആർ. ഷീറ്റുകൾ പരീക്ഷ കഴിഞ്ഞ ശേഷം തിരികെ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചെലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപ് ഡി.ജി.റ്റി. യിൽ നൽകണമെന്ന് 13/11/2014 തീയതിയിലെ DGET-19(7)/2014-CD നമ്പർ കത്ത് മുഖേന

ഡി.ജി.റ്റി. നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതിയും നൽകിട്ടുണ്ട്. **അപേക്ഷയോടൊപ്പം ട്രെയിനികളിൽ നിന്നും ടി 75/- രൂപ വീതം ശേഖരിച്ച് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ ശേഖരിച്ച ഫീസിൻ മേൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട മേൽ നടപടി ക്രമങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് പിന്നീട് അറിയിക്കുന്നതായിരിക്കും. അതനുസരിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ പാടുള്ളു.**

30-01-2018 തീയതിയിലെ DGET -18011/06/Sem/2014-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) പരീക്ഷകൾക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം നിർത്തലാക്കിയതായി ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്.

ട്രെയിനികൾക്ക് ട്രേഡ് ടെസ്റ്റിന് പങ്കെടുക്കുന്നതിനുള്ള ഹാൾ ടിക്കറ്റുകൾ എം.ഐ.എസ്. പോർട്ടൽ മുഖേന നേരിട്ടാണ് ഡി.ജി.റ്റി വിതരണം നടത്തുന്നത്. ആയതിനാൽ അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ പ്രസ്തുത ട്രെയിനികളുടെ വിവരങ്ങൾ ടി പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. **എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്താത്ത ട്രെയിനികൾക്ക് ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് ഹാൾ ടിക്കറ്റ് ലഭിക്കുന്നതല്ല എന്ന വിവരം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.**

**ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി**

എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്ക്

പകർപ്പ്:-
1. ഡി.റ്റി. യുടെ സി.എ./എ.ഡി.റ്റി./സ്പെഷ്യൽ ഓഫീസർ (എസ്.യു.ഐ.ഐ.റ്റി)/എ.എസ്.പി.ഡി.(എസ്.പി.ഐ.യു.)/ജെ.ഡി.റ്റി/ ജെ.ഡി.റ്റി. (റിജിണൽ ഡയറക്ടറേറ്റ് കണ്ണൂർ)
2. ഡി.എസ്.എ./ഡി.ഡി.റ്റി. (ട്രെയിനിംഗ്)/ഡി.ഡി.റ്റി (പ്ലാനിംഗ്)/ എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗു മാർക്കും/ റ്റി.റ്റി.ഒ./എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും/എസ്.എസ്. (ജി)/ കരുതൽ ഫയൽ (ജി1)
3. വകുപ്പ് വെബ്സൈറ്റിലേയ്ക്ക്

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/12315/2018(1)

തൊഴിൽ ഭവൻ, തിരുവനന്തപുരം
തീയതി: 04/05/2018

## നിർദ്ദേശങ്ങൾ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2018- രണ്ടാം സെമസ്റ്റർ (റഗുലർ) പരീക്ഷകളിൽ പങ്കെടുക്കുന്നതിന് എം.ഐ.എസ്. പോർട്ടൽ മുഖേന ആഗസ്റ്റ് 2017 ലെ അഡ്മിഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ ട്രെയിനികൾ അപേക്ഷകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

സർക്കാർ / എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി. / സ്വകാര്യ ഐ.ടി.ഐ. കളിൽ എൻ.സി.വി.റ്റി. അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ ആഗസ്റ്റ് 2017 ൽ അഡ്മിഷൻ നേടിയതും അഡ്മിഷൻ നേടിയ വിവരം എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തിയതുമായ ട്രെയിനികളാണ് 2018 ജൂലൈ മാസത്തിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫോറത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടത്

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് 2018 ജൂലൈ മാസത്തിലാണ് നടത്തുന്നത്. അപേക്ഷകൾ സമർപ്പിച്ച ട്രെയിനികളാണെങ്കിലും രണ്ടാം സെമസ്റ്റർ പഠനം പൂർത്തിയാകുന്ന 2018 ജൂലൈ 31 ന് 80% ഹാജർ നേടിയവർക്ക് മാത്രമേ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾ ടിക്കറ്റ് വിതരണം നടത്തുകയുള്ളൂ. കൂടാതെ പരീക്ഷ എഴുതുന്ന ട്രെയിനികളുടെ വിവരം സ്ഥാപന മേധാവികൾ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തിയാൽ മാത്രമേ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളു. ഇപ്രകാരം രേഖപ്പെടുത്തിയ സമ്മതപത്രം (അനുബന്ധം-4) അപേക്ഷയോടൊപ്പം തയ്യാറാക്കി നൽകേണ്ടതാണ്.

0230-ലേബർ ആൻറ് എംപ്ലോയ്മെൻറ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്- എന്ന ശിർഷകത്തിൽ 105/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ, അപേക്ഷകളുടെ രണ്ട് പകർപ്പുകൾ, എസ്.എസ്.എൽ.സി. യുടെ പകർപ്പ് 2018

ജനുവരി യിൽ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത ഹാൾടിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം **19-05-2018** ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. ഒരിക്കൽ അടച്ച ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുന്നതോ അല്ല. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടിവരുന്ന ട്രെയിനികൾ 105/- രൂപ ജാമ്യനിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിന് മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിന് ശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യതുക തിരികെ നൽകുന്നതുമാണ്. ഒരു വിഷയത്തിനായാലും ആകെ വിഷയത്തിനായാലും പരീക്ഷാ ഫീസിനത്തിൽ അടയ്ക്കേണ്ട തുകയിൽ മാറ്റമില്ല. പരീക്ഷാ ഫീസ് ഇനത്തിൽ അടയ്ക്കേണ്ട തുക 105/- രൂപയാണ്.

സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.റ്റി. നടത്തിവരുന്നത്. ടി ഒ.എം.ആർ. ഷീറ്റുകൾ പ്രിൻറ് ചെയ്ത് പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും ടി ഒ.എം.ആർ. ഷീറ്റുകൾ പരീക്ഷ കഴിഞ്ഞ ശേഷം തിരികെ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചെലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപ് ഡി.ജി.റ്റി. യിൽ നൽകണമെന്ന് 13/11/2014 തീയതിയിലെ DGET-19(7)/2014-CD നമ്പർ കത്ത് മുഖേന ഡി.ജി.റ്റി. നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം അപേക്ഷ സമർപ്പിക്കുന്ന ഓരോ ട്രെയിനിയും 75/- രൂപ വീതം ബന്ധപ്പെട്ട സ്ഥാപന മേധാവിയ്ക്ക് അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

പരിശീലനം പൂർത്തിയാക്കിയ സർക്കാർ / എസ്.സി.ഡി.ഡി. / എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. കളിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. പരീക്ഷാ കേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല. എൻ.സി.വി.റ്റി. അഫിലിയേഷൻ നേടിയ ട്രേഡിലെ ട്രെയിനികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്. എല്ലാ വിവരങ്ങളും ഉൾപ്പെട്ട പൂരിപ്പിച്ച അപേക്ഷ **19-05-2018** **ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി** ബന്ധപ്പെട്ട സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കണം. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്നതോ, അപൂർണ്ണമായതോ, എസ്.എസ്,എൽ.സി. യുടെ പകർപ്പ് ഉള്ളടക്കം ചെയ്യാത്തതോ, അപേക്ഷകൻെറ ഒപ്പ് രേഖപ്പെടുത്താത്തതോ, ചെലാൻെറ അസ്സൽ ഇല്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

30-01-2018 തീയതിയിലെ DGET -18011/06/Sem/2014-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) പരീക്ഷകൾക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം നിർത്തലാക്കിയതായി ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്.

**ഏതെങ്കിലും വിഷയത്തിൻെറ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സെൻറായി പരിഗണിച്ച് ഫല പ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കടലാസ്സുകൾ മൂല്യ നിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷകൾ ഒ.എം.ആർ. മാതൃകയിൽ നടത്തുന്നതിനാൽ റോൾ നമ്പർ അടക്കമുള്ള വിവരങ്ങൾ ഒ.എം.ആർ. ഷീറ്റിൽ തെറ്റായോ അശ്രദ്ധയോടുകൂടിയോ രേഖപ്പെടുത്തിയാൽ പ്രസ്തുത ഒ.എം.ആർ. ഷീറ്റുകൾ മൂല്യനിർണ്ണയം നടത്താൻ സാധിക്കില്ല എന്ന് ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്. കൂടാതെ ഒ.എം.ആർ. ഷീറ്റുകൾ മൂല്യനിർണ്ണയം നടത്തുന്നത് മെഷീൻ ഉപയോഗിച്ചാണ്. ആയതിനാൽ ടി മൂല്യനിർണ്ണയത്തിൽ തെറ്റ് സംഭവിക്കാനുള്ള സാദ്ധ്യത കുറവായതിനാൽ പുന: പരിശോധനയോ റീ കൗണ്ടിംഗോ അനുവദിക്കുന്നതല്ലായെന്നും ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്. ടി വിവരങ്ങൾ ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.**

വിജ്ഞാപനത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃക പ്രകാരമുള്ള എ4 സൈസിലുള്ള അപേക്ഷ ഫാറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. അപേക്ഷയോടോപ്പം ചേർത്തിട്ടുള്ള അനുബന്ധം-3 പ്രകാരമുള്ള സമ്മതപത്രവും പൂരിപ്പിച്ച് നൽകേണ്ടതാണ്. നിശ്ചിത മാതൃകയിൽ സമർപ്പിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

**ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി**

എല്ലാ ട്രെയിനികൾക്കും (ബന്ധപ്പെട്ട സ്ഥാപന മേധാവികൾ മുഖാന്തിരം)

**പ്രത്യേക അറിയിപ്പ്**

ടി നിർദ്ദേശങ്ങളുടെ പകർപ്പ് നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതാണ്.

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/12315/2018(1)

തൊഴിൽ ഭവൻ, തിരുവനന്തപുരം
തീയതി: 04/05/2018

## <u>നിർദ്ദേശങ്ങൾ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2018- രണ്ടാം സെമസ്റ്റർ (റഗുലർ) പരീക്ഷകളിൽ പങ്കെടുക്കുന്നതിന് എം.ഐ.എസ്. പോർട്ടൽ മുഖേന ആഗസ്റ്റ് 2017 ലെ അഡ്മിഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ ട്രെയിനികളിൽ നിന്ന് അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ /നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ സ്വീകരിക്കുമ്പോൾ കൈക്കൊള്ളേണ്ട നടപടിക്രമങ്ങൾ അറിയിക്കുന്നത്-സംബന്ധിച്ച്

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൻ മേൽ താഴെ പറയുന്ന നടപടിക്രമങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ/നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

**<u>ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ശുപാർശ ചെയ്യുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ</u>**

- നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.
- ടി ട്രെയിനി എൻ.സി.വി.റ്റി അഫിലിയേഷൻ നേടിയിട്ടുള്ള ട്രേഡിൽ പഠിക്കുന്ന ട്രെയിനിയാണോയെന്നും ടി ട്രെയിനിയുടെ വിവരം എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ളതാണോയെന്നും ഉറപ്പാക്കേണ്ടതാണ്.
- അപേക്ഷ സമർപ്പിക്കുന്ന സമയം ടി ട്രെയിനിക്ക് രണ്ടാം സെമസ്റ്ററിൽ 80% ഹാജർ നേടിയിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
- അപേക്ഷകളിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ട്രെയിനികൾ പൂരിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
- ട്രെയിനിയുടെ എസ്.എസ്.എൽ.സി. യുടെ പകർപ്പ്, നിശ്ചിത പരീക്ഷാ ഫീസ് ഒടുക്കിയ ചെലാൻ, ജനുവരി

2018 ൽ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത ഹാൾടിക്കറ്റിന്റെ പകർപ്പ്. എന്നീ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.

ഒ.എം.ആർ. മാതൃകയിലുള്ള പരീക്ഷാ നടത്തിപ്പിന് വേണ്ടി ഡി.ജി.റ്റി. നിശ്ചയിച്ചിട്ടുള്ള ഫീസായ 75/- രൂപ ഓരോ ട്രെയിനിയിൽ നിന്നും അപേക്ഷയോടൊപ്പം ശേഖരിക്കേണ്ടതാണ്. ടി തുകയിൽ മേലുള്ള മേൽ നടപടികൾ ഡയറക്ടറേറ്റിൽ നിന്ന് പിന്നീട് അറിയിക്കുന്നതായിരിക്കും. ടി നിർദ്ദേശം ലഭിച്ചതിന് ശേഷം മാത്രമേ ഫീസ് സംബന്ധിച്ചിട്ടുള്ള മേൽ നടപടികൾ സ്വീകരിക്കുവാൻ പാടുള്ളു എന്ന് കർശന നിർദ്ദേശം നൽകുന്നു. ഇപ്രകാരം 75/- രൂപ വീതം ട്രെയിനികളിൽ നിന്ന് ശേഖരിക്കുന്ന വിവരം അനുബന്ധം 2 പ്രകാരമുള്ള മാതൃകയിൽ രണ്ട് പകർപ്പുകൾ തയ്യാറാക്കി അപേക്ഷകളോടൊപ്പം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് കൈമാറേണ്ടതാണ്.

ഓരോ സ്ഥാപനത്തിൽ നിന്നും 2017 ആഗസ്റ്റിൽ അഡ്മിഷൻ ലഭിച്ചതും എം.ഐ.എസ്. പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്തിയതുമായ ട്രെയിനികളുടെ പട്ടിക www.itdkerala.org എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ടി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ടി വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിച്ചതുമായ ട്രെയിനികളുടെ പേരിന് നേരെയുള്ള ബോക്സിൽ ടിക് മാർക്ക് രേഖപ്പെടുത്തി 'Accept' ബട്ടൺ 'Click' ചെയ്ത് പ്രിൻറ് എടുക്കേണ്ടതാണ്. ഓരോ ദിവസവും ലഭിക്കുന്ന അപേക്ഷകൾ അതേ ദിവസം തന്നെ ഓൺ ലൈനായി രേഖപ്പെടുത്തുവാൻ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ടി വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ (സെഷണൽ മാർക്ക്/ഹാജർ വിവരങ്ങൾ/ഫീസ്റ്റാറ്റസ്) എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തിയാൽ മാത്രമേ 2018 ജൂലൈ മാസത്തിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള ഹാൾ ടിക്കറ്റ് ട്രെയിനികൾക്ക് ലഭിക്കുകയുള്ളു എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. എം.ഐ.എസ്. പോർട്ടലിൽ ട്രെയിനികളുടെ വിവരങ്ങൾ രേഖപ്പെടുത്താനുള്ള അറിയിപ്പ് ലഭിച്ചാൽ ഉടനെ തന്നെ ട്രെയിനികളുടെ വിവരങ്ങൾ ടി പോർട്ടലിൽ രേഖപ്പെടുത്താൻ എല്ലാ സ്ഥാപന മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് എം.ഐ.എസ്. വിഭാഗവുമായി സ്ഥാപന മേധാവികൾ ബന്ധപ്പെടേണ്ടതാണ്. **<u>അപേക്ഷ സമർപ്പിച്ച ഏതെങ്കിലും ട്രെയിനികൾക്ക് എം.ഐ.എസ്. പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്താത്ത കാരണത്താൽ ഹാൾ ടിക്കറ്റ് ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം ഇതിൻെറ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് മാത്രമായിരിക്കും എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.</u>**

**<u>സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ട്രെയിനികളിൽ നിന്ന് സ്വീകരിക്കുന്ന അപേക്ഷകൾ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് കൈമാറുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ</u>**

24/12/2014 തീയതിയിലെ ജി1/35222/2014 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ / ആർ.ഐ.സെൻറർ/ ബി.റ്റി.സി. / എ.വി.റ്റി.എസ്. തുടങ്ങിയ സ്ഥാപനങ്ങളെ സർക്കാർ/ എസ്.സി.ഡി.ഡി./ എസ്.റ്റി.ഡി.ഡി./ സ്വകാര്യ ഐ.ടി.ഐ.കളുടെ പുതിയ നോഡൽ ഐ.ടി.ഐ. കളായി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ/എസ്.സി.ഡി.ഡി. /എസ്.റ്റി.ഡി.ഡി./ സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ അവരുടെ നോഡൽ ഐ.ടി.ഐ. യായി നിശ്ചയിച്ചിട്ടുള്ള സർക്കാർ സ്ഥാപനങ്ങളിൽ താഴെ പറയുന്ന രേഖകൾ **22-05-2018 ന് വൈകുന്നേരം 4.00** മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

- ട്രെയിനികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷ ശുപാർശ ചെയ്ത് കൈമാറേണ്ടതാണ്.
- അപേക്ഷയോടൊപ്പം ട്രെയിനികളുടെ എസ്.എസ്.എൽ.സി. യുടെ പകർപ്പ്, അസ്സൽ ചെലാൻ തുടങ്ങിയവ കൈമാറേണ്ടതാണ്.
- ജനുവരി. 2018 ൽ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത ഹാൾടിക്കറ്റിന്റെ പകർപ്പ്.
- ഓരോ ട്രേഡിലെയും ട്രെയിനികളുടെ വിവരങ്ങൾ അഡ്മിഷൻ സമയത്ത് എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തിയതിൻെറ പ്രിൻറ് ഔട്ട് എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് (അഡ്മിഷൻ ക്ലോസിംഗ് ഓഫീസർ മേലൊപ്പ് ചാർത്തിയ A/B/C ഫോർമാറ്റിന്റെ പകർപ്പ്).
- അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org എന്ന വെബ്സൈറ്റിൽ രേഖപ്പെടുത്തിയതിൻെറ പ്രിൻറ് ഔട്ട് എടുത്ത് സമർപ്പിക്കേണ്ടതാണ്.
- എം.ഐ.എസ്. പോർട്ടൽ മുഖേന ഹാൾ ടിക്കറ്റ് ലഭിക്കുന്ന ട്രെയിനികൾക്ക് പരീക്ഷ എഴുതുന്നതിന് ആവശ്യമായ 80% ഹാജർ നേടിയിട്ടുണ്ടെങ്കിൽ മാത്രമേ ഹാൾടിക്കറ്റ് വിതരണം നടത്തുകയുള്ളു എന്ന് രേഖപ്പെടുത്തിയ സമ്മതപത്രം (മാതൃക അനുബന്ധം 4 ആയി ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്) തയ്യാറാക്കി ഒപ്പ് രേഖപ്പെടുത്തി നൽകേണ്ടതാണ്.

കൈമാറുന്ന ട്രെയിനികളുടെ വിവരം ഓരോ ട്രേഡ് പ്രകാരം താഴെ പറയുന്ന മാതൃകയിൽ പട്ടികയായി (രണ്ട് പകർപ്പ്) നൽകേണ്ടതാണ്. ഇതിൽ ഒരു പകർപ്പ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച ശേഷം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മേലൊപ്പ് ചാർത്തി തിരികെ നൽകുന്നതായിരിക്കും.

അനുബന്ധം 1

ഐ.ടി.ഐ. യുടെ പേര്: സെമസ്റ്റർ:- രണ്ട് (റഗുലർ)

| **ക്രമ നമ്പർ** | **ട്രെയിനിയുടെ പേര്** | **ട്രേഡ്** | **ചെലാൻ നമ്പർ /ട്രഷറിയുടെ പേര്** | **തുക** |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ ഒപ്പ്

ഔദ്യോഗിക പേര്

ഔദ്യോഗിക മേൽ വിലാസം

തീയതി:

സ്ഥലം:

## <u>പരിശോധനാ സർട്ടിഫിക്കേറ്റ്</u>

മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം സൂക്ഷ്മമായി പരിശോധിക്കുകയും എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ട്രെയിനികളെ 2018 ജൂലൈ മാസത്തിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ (റഗുലർ) പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതിന് അനുമതി നൽകാമെന്ന് ശുപാർശ ചെയ്യുന്നു. വിജ്ഞാപന പ്രകാരമുള്ള അപേക്ഷയും മറ്റ് രേഖകളും സ്ഥാപന മേധാവിയിൽ നിന്ന് കൈപ്പറ്റി ഭദ്രമായി ഐ.ടി.ഐ. യിൽ സൂക്ഷിച്ചിട്ടുണ്ട്.

(നോഡൽ ഓഫീസ് മുദ്ര) നോഡൽ പ്രിൻസിപ്പാളിന്റെ ഒപ്പ്

ഔദ്യോഗിക പേര്

ഔദ്യോഗിക മേൽ വിലാസം

തീയതി:

സ്ഥലം:

ഇപ്രകാരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് കൈമാറുന്ന അനുബന്ധം 1 പ്രകാരമുള്ള ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തലുകൾ വരുത്തി ഹാൾ ടിക്കറ്റുകൾ പ്രിൻറ് ചെയ്ത് ടി ഹാൾ ടിക്കറ്റും നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മേലൊപ്പ് ചാർത്തിയ അനുബന്ധം 1 പ്രകാരമുള്ള പട്ടികയും ഉൾപ്പടെ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകേണ്ടതാണ്. ടി ഹാൾ ടിക്കറ്റിൽ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരുടെ ഒപ്പ് വാങ്ങേണ്ടതാണ്. ആയതിന് ശേഷം മാത്രമേ ട്രെയിനികൾക്ക് ഹാൾ ടിക്കറ്റുകൾ വിതരണം നടത്താൻ പാടുള്ളു. രണ്ടാം സെമസ്റ്ററിൽ 80% ഹാജർ നേടിയ ട്രെയിനികൾക്ക് മാത്രമേ ഹാൾ ടിക്കറ്റുകൾ വിതരണം നടത്താവു. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മേലൊപ്പ് ചാർത്തിയ ഹാൾ ടിക്കറ്റുമായി വരുന്ന ട്രെയിനികളെ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളു.

**<u>നോഡൽ ഐ.ടി.ഐ. കളിലെ പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ</u>**

നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ അവരുടെയും അവരുടെ അധികാര പരിധിയിൽ വരുന്ന സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി/സ്വകാര്യ ഐ.ടി.ഐ. കളിൽ നിന്നും സമർപ്പിക്കുന്ന അപേക്ഷകൾ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശ പ്രകാരം പരിശോധിച്ച ശേഷം കൈപ്പറ്റേണ്ടതാണ്.

- അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org വെബ്സൈറ്റിൽ ഓൺ ലൈനായി രജിസ്റ്റർ ചെയ്തതിന് ശേഷം ലഭിക്കുന്ന പ്രിൻറ് ഔട്ടും ആഗസ്റ്റ് 2017 ലെ ട്രെയിനികളുടെ അഡ്മിഷൻ വിവരങ്ങൾ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തി ലഭിച്ച പ്രിൻറ് ഔട്ടും സ്ഥാപനം സമർപ്പിച്ച അപേക്ഷകളുമായി ഒത്തു നോക്കി ശരിയാണോ എന്ന് ഉറപ്പാക്കേണ്ടതാണ്.
- ട്രെയിനികളുടെ അപേക്ഷ, എസ്.എസ്.എൽ.സി. യുടെ പകർപ്പ്, അസ്സൽ ചെലാൻ, ഫെബ്രുവരി 2017 ൽ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത ഹാൾടിക്കറ്റിന്റെ പകർപ്പ് അനുബന്ധം 1, 2 പ്രകാരമുള്ള പട്ടികകൾ, അനുബന്ധം 4 പ്രകാരമുള്ള സമ്മതപത്രം, തുടങ്ങിയ രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കണം.
- അപേക്ഷയും മറ്റ് അനുബന്ധ രേഖകളും ഒത്തുനോക്കി ശരിയാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ അനുബന്ധം1,2,4 പ്രകാരമുള്ള രേഖകളുടെ

ഒരു പകർപ്പിൽ നോഡൽ പ്രിൻസിപ്പാൾമാർ ഒപ്പ് രേഖപ്പെടുത്തി ഔദ്യോഗിക പേര്, ഔദ്യോഗിക മേൽ വിലാസം, ഓഫീസ് മുദ്ര എന്നിവ പതിപ്പിച്ച് സ്ഥാപന മേധാവികൾക്ക് തിരികെ നൽകേണ്ടതാണ്.

- ഇപ്രകാരം നോഡൽ ഐ.ടി.ഐ. യിൽ നിന്ന് ഒപ്പും മുദ്രയും പതിപ്പിച്ച ഹാൾ ടിക്കറ്റുകളുമായി വരുന്ന ട്രെയിനികൾക്ക് മാത്രമേ പരീക്ഷാ ഹാളിൽ പ്രവേശിക്കുവാൻ പാടുള്ളു എന്ന വിവരം ബന്ധപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളുടെ ചുമതല ഏൽപ്പിക്കുന്ന ചീഫ്/അസിസ്റ്റൻറ് സൂപ്രണ്ടുമാർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.
- നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ സ്ഥാപനത്തിലെയും അപേക്ഷകൾ ടി മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് സ്വീകരിക്കേണ്ടത്.

ഇപ്രകാരം കൈപ്പറ്റുന്ന അപേക്ഷകളും അനുബന്ധ രേഖകളും ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ടി രേഖകൾ ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി**

എല്ലാ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്കും, എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും, ബി.റ്റി.സി./എ.വി.റ്റി.എസ്. പ്രിൻസിപ്പാൾമാർക്കും

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും ( ടി നടപടി ക്രമങ്ങൾ സമയബന്ധിതമായും മാർഗ്ഗ നിർദ്ദേശ പ്രകാരവും നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.)

**ഒ.എം.ആർ. ഷീറ്റുമായി ബന്ധപ്പെട്ട് ഡി.ജി.റ്റി. യ്ക്ക് നൽകേണ്ട പരീക്ഷാ ഫീസായ 75/- രൂപ വീതം അപേക്ഷകനിൽ നിന്നും ശേഖരിച്ചതിൻെറ വിവരം**

## അനുബന്ധം 2

ഐ.ടി.ഐ. യുടെ പേര്: സെമസ്റ്റർ:- രണ്ട് (റഗുലർ)

| ക്രമ നമ്പർ | ട്രേഡിൻെറ പേര് | അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ എണ്ണം | 75/- രൂപ വീതം ശേഖരിച്ച തുക | റിമാർക്ക് |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| ആകെ തുക | | | | |

(ഓഫീസ് മുദ്ര)

പ്രിൻസിപ്പാളിൻെറ ഒപ്പ്

ഔദ്യോഗിക പേര്

ഔദ്യോഗിക മേൽ വിലാസം

തീയതി:

സ്ഥലം:

## സമ്മത പത്രം

അപേക്ഷ സമർപ്പിച്ച എല്ലാ ട്രെയിനികളിൽ നിന്നും 75/- ക്രമത്തിൽ ശേഖരിച്ചിട്ടുണ്ടെന്നും മുകളിൽ സൂചിപ്പിച്ചിട്ടുള്ള ....................രൂപ (അക്ഷരത്തിൽ) ഡയറക്ടറേറ്റിൽ നിന്ന് അറിയിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കും എന്നും ഞാൻ ഉറപ്പ് നൽകുന്നു.

ഒപ്പ്:

പ്രിൻസിപ്പാളിൻെറ പേര്:

ഔദ്യോഗിക മേൽ വിലാസം:

(ഓഫീസ് മുദ്ര)

# അനുബന്ധം 3

## സമ്മതപത്രം

2018 ജൂലൈ മാസത്തിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുവാൻ അപേക്ഷ സമർപ്പിക്കുന്ന എനിക്ക് 2018 ജനുവരി മാസം 1 മുതൽ 2018 ജൂലൈ മാസം 31 വരെയുള്ള രണ്ടാം സെമസ്റ്റർ ട്രെയിനിംഗ് കാലയളവിൽ ട്രെയിനിംഗ് മാനുവൽ ഖണ്ഡിക 19 (എ) പ്രകാരം 80% ഹാജർ നേടിയാൽ മാത്രമേ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളു എന്ന് ഉത്തമ ബോദ്ധ്യമുണ്ടെന്നും ഹാജർ തികയാത്ത കാരണത്താൽ ഹാൾ ടിക്കറ്റ് എനിക്ക് ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടായാൽ അതിൻെറ പൂർണ്ണ ഉത്തരവാദിത്തം എനിക്ക് മാത്രമായിരിക്കും എന്ന് സാക്ഷ്യപ്പെടുത്തുന്നു.

എന്ന്

ഒപ്പ്:

അപേക്ഷകൻെറ പേര്:

ട്രേഡ്:

ഐ.ടി.ഐ. യുടെ പേര്:

തീയതി:

സ്ഥലം:

ഒപ്പ്:

ബന്ധപ്പെട്ട ഇൻസ്ട്രക്ടറുടെ പേര്:

ഔദ്യോഗിക മേൽ വിലാസം:

ഒപ്പ്:

ബന്ധപ്പെട്ട ഗ്രൂപ്പ് ഇൻസ്ട്രക്ടറുടെ പേര്:

ഔദ്യോഗിക മേൽ വിലാസം:

(ടി മേലൊപ്പ് ചാർത്തിയ സമ്മത പത്രം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അപേക്ഷയോടൊപ്പം ട്രെയിനികളിൽ നിന്ന് വാങ്ങി ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഡയറക്ടറേറ്റിൽ നിന്ന് ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്)

# അനുബന്ധം 4

## സമ്മതപത്രം

ആഗസ്റ്റ് 2017 ൽ അഡ്മിഷനായതും ജൂലൈ 2018 ൽ നടത്തുന്ന രണ്ടാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചതുമായ ട്രെയിനികളുടെ വിവരങ്ങൾ ഞാൻ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്താൻ അറിയിക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തിയാൽ മാത്രമേ ഇവർക്ക് ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളു എന്ന് ഉത്തമ ബോദ്ധ്യമുണ്ട്. ഇതിൽ വീഴ്ച സംഭവിച്ചാൽ എനിക്ക് മാത്രമായിരിക്കും പൂർണ്ണ ഉത്തര വാദിത്തം. എം.ഐ.എസ്. പോർട്ടൽ മുഖേന ഹാൾ ടിക്കറ്റ് ലഭിച്ചാലും 2018 ജനുവരി 1 മുതൽ 2018 ജൂലൈ 31 വരെയുള്ള ട്രെയിനിംഗ് കാലയളവിൽ 80% ഹാജർ തികഞ്ഞ ട്രെയിനികൾക്ക് മാത്രമേ ഹാൾ ടിക്കറ്റുകൾ വിതരണം നടത്തുകയുള്ളുയെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പ്രിൻസിപ്പാളിന്റെ ഒപ്പ്:

പേര്:

ഔദ്യോഗിക മേൽ വിലാസം:

(ഓഫീസ് മുദ്ര)

സ്ഥലം:

തീയതി:

(ടി സമ്മത പത്രം അപേക്ഷയോടൊപ്പം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് കൈമാറേണ്ടതാണ്)

## APPLICATION FOR THE ALL INDIA TRADE TEST TO BE HELD IN JULY 2018 FOR REGULAR CANDIDATES (FOR SECOND SEMESTER)

**(All enteries are in Block Letters only)**

1 Name of Govt./Pvt.ITI where the trainee has undergone training :

2 Trade :

3 Name of Applicant :

4 Full Address :

5 Name of Father / Guardian (In Block Letter) :

6 Date of Birth :

7 Category (To be indicated with Tick Mark) :

| Gen | SC | ST | OBC |
|---|---|---|---|
| | | | |

Affix Photograph attested by Principal

8 Male / Female (To be indicated with Tick Mark) : M F

9 Roll No. (1st Semester) :

10 Period of Taining (If re-admited mention period of re-admission and the order No. and date) : From February/August ..................
To January/July ..........................

### DECLARATION

I do here by declare that the information furnished above are true to the best of my knowledge and belief. I agree to attend the trade test at the Centre allotted by the Director of Training. And also aware that I should secure 80% of attendance to appearing the Trade Test.

Date :

Name and Signature of the Applicant

## VERIFICATION REPORT OF THE PRINCIPAL

| | | | |
|---|---|---|---|
| (i) | Details of remittance of fees (In the case of Pvt.ITI Chalan in original to be Attached with the application) | Chalan No & Date<br>Name of Treasury<br>Amount | :<br>:<br>: |
| (ii) | Unit wise Affiliation Order No. of DGET with date | : | |
| (iii) | Total affiliated unit in the Trade | : | |
| (iv) | Admission No. with date, period of Training (if re-admission mentioned the details ) | : | |
| (v) | Total number of trainees admitted in the Trade as per admission closing list | : | |
| (vi) | Serial number of the applicant in the Admission closing list | : | |

I hereby certify that, the details furnished by the candidate are correct as per office records. I declare that the candidate has acquired the required training from an affiliated unit and his period of training is found to be true and that he/she is a member of the group of trainees whose admission has been enclosed. I recommended his candidature. The Character of the Trainee is ..........................

Place:

Date:

Signature of the Principal

(Office Seal)

NB :- The details in Column 1 to 10 of the trainee should be verified by the principal of Govt. /Pvt. ITI and then carefully fill the above column's (i) to (vi). Without the above details the application will be rejected without notice.

## CERTIFICATE

I recommend Shri/ Kumari.................................................... to appear 2nd Semester ( Regular) examination in AITT July 2018.

(Office Seal)

Name & Signature of Nodal ITI Principal